കേരള കാർഷിക സർവകലാശാല
കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനിയറിംഗ് &
ഫുഡ് ടെക്നോളജി, തവനൂർ(പി.ഒ), മലപ്പുറം – 679573(പിൻ)
ഇ-മെയിൽ:deanengg@kau.in, kcaet@kau.in; ഫോൺ: 0494 2686214

നമ്പർ : **KCAET/8422/2025-B1** തീയതി : 27-12-2025

## ടെൻഡർ നോട്ടീസ്

ഈ കോളേജിലെ CSS ബില്ഡിങ്ങിലെ മരം കൊണ്ടുള്ളതും കേടു വന്നതുമായ വാതിലുകൾ ഫ്രെയിം ഉൾപ്പെടെ മാറ്റി സ്ഥാപിക്കുന്നതിന് വ്യക്തികളില് നിന്ന് / സ്ഥാപനങ്ങളില് നിന്ന് മത്സരാടിസ്ഥാനത്തിലുള്ള ടെൻഡറുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ക്ഷണിച്ചുകൊള്ളുന്നു. പ്രസ്തുത ജോലികളുടെ വിശദവിവരങ്ങളും ആവശ്യമായ മെറ്റീരിയലിന്റെ വിശദ വിവരങ്ങളും താഴെ നല്കുന്നു.

**I.സാധനങ്ങൾ**

| Sl no | വാതിലുകൾ | Qty | അളവ് | | ഉപയോഗിക്കേണ്ട മെറ്റീരിയൽ |
|---|---|---|---|---|---|
| 1 | **Main door with frame** | 1 | ഉയരം | 7" | സ്റ്റെയിൻലെസ്സ് സ്റ്റീൽ |
| | | | വീതി | 4' 11" | |
| 2 | **Back door with frame** | 1 | ഉയരം | 7" | സ്റ്റെയിൻലെസ്സ് സ്റ്റീൽ |
| | | | വീതി | 4' 11" | |
| 3 | **Record rooms** | 1 | ഉയരം | 6'7" | സ്റ്റെയിൻലെസ്സ് സ്റ്റീൽ |
| | | | വീതി | 3' 3" | |
| 4 | **Rooms** | 5 | ഉയരം | 6'7" | FRP (hard) |
| | | | വീതി | 3' 3" | |
| 5 | **Bathroom Main Doors** | 2 | ഉയരം | 6' 4' | FRP |
| | | | വീതി | 3' | |
| 6 | **Bathroom Doors** | 5 | ഉയരം | 6' 6" | FRP |
| | | | വീതി | 2' 2" | |
| | | | | | |

**II. ലേബർ ചാർജ്** : (നിലവിലുള്ള വാതിലുകൾ ഇളക്കി മാറ്റി മേൽ പട്ടികയിൽ പറയുന്ന പുതിയ മെറ്റൽ / FRP ഡോറുകൾ സ്ഥാപിച്ചു ഇതോടനുബന്ധിച്ചുള്ള പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനു വേണ്ടുന്ന ലേബർ ചാർജ്)

### വ്യവസ്ഥകളും നിബന്ധനകളും

1. www.kau.edu/tenders എന്ന വെബ്സൈറ്റിൽ നിന്നും ടെണ്ടർ ഫോം ഡൌൺലോഡ് ചെയ്യാവുന്നതാണ്. ക്വോട്ട് ചെയ്ത വിലയുടെ 0.20% തൊട്ടടുത്ത 100 രൂപയിലേക്ക് കണക്കാക്കിയത് + 18% GST യാണ് ടെണ്ടർ ഫോമിന്റെ വില (600+108=708). ആയത് ഡി ഡി രൂപത്തിൽ ഡീൻ, കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ഫുഡ് ടെക്നോളജി, തവനൂരിന്റെ പേരിൽ എസ് ബി ഐ യുടെ കുറ്റിപ്പുറം ശാഖയിൽ അടവാക്കാവുന്ന തരത്തിൽ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

2. ടെൻഡർ സമർപ്പിക്കുന്ന വ്യക്തി/ സ്ഥാപനം നിരത ദ്രവ്യമായി 3000 രൂപ ചെക്ക് / ഡി ഡി / യായി ബാങ്ക് ഗ്യാരണ്ടി ആയി ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

3. **ടെൻഡർ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം മേൽ സൂചിപ്പിച്ച ജോലികൾ ചെയ്യുന്നതിന് ക്രമ നമ്പർ 1 മുതൽ 6 വരെയുള്ള സാധനങ്ങളുടെ വിലയും ലേബർ ചാർജ്ജും വെവ്വേറെ കാണിക്കേണ്ടതാണ്. സാധനങ്ങളുടെ വിലയിലും ലേബർ ചാർജിലും കൂടി ഏറ്റവും കുറഞ്ഞ നിരക്ക്** രേഖപ്പെടുത്തുന്ന ടെണ്ടററുടെ പേരിൽ നിരക്ക് തൃപ്തികരമെന്ന് ബോധ്യപ്പെടുന്ന പക്ഷം ടെണ്ടർ ഉറപ്പിക്കുന്നതാണ്.

4. ടെൻഡർ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം 200/- രൂപ വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ പ്രിലിമിനറി എഗ്രിമെന്റ് (പ്രാഥമിക കരാർ) സമർപ്പിക്കേണ്ടതാണ്. ഇതിന്റെ മാതൃക മേൽ സൂചിപ്പിച്ച വെബ് സൈറ്റിൽ ലഭ്യമാണ്.

5. ടെൻഡർ 09/01/2026 ന് 12.00 P.M നുള്ളിൽ എത്തിക്കേണ്ടതും അന്നേ ദിവസം 12.30 P.M ന് തന്നെ ടെൻഡർ തുറക്കുന്നതാണ്.

6. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.

7. ടെൻഡർ സമർപ്പിക്കുന്ന കവറിന് പുറത്ത് "C S S ബില്ഡിങ്ങിലെ മരം കൊണ്ടുള്ള വാതിലുകൾ ഫ്രെയിം ഉൾപ്പെടെ മാറ്റി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ" എന്ന് എഴുതി ഡീൻ, കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ഫുഡ് ടെക്നോളജി, തവനൂർ എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

8. ടെൻഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ മുൻകൂട്ടി അറിയിച്ചതിന് ശേഷം അവരുടെ മേൽ നോട്ടത്തിൽ മാത്രമേ ജോലികൾ ചെയ്യാവൂ.

9. ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി/സ്ഥാപനം 300 രൂപ സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് നൽകേണ്ടതും സുരക്ഷിത നിക്ഷേപമായി രേഖപ്പെടുത്തിയ നിരക്കിന്റെ 5% DD ആയി ഒടുക്കേണ്ടതുമാണ്. ഇത് ഒരു വർഷത്തിന് ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തിരികെ നൽകുന്നതായിരിക്കും.

10. **സാധനങ്ങൾ വാങ്ങിയതിന്റെ അസ്സൽ ടാക്സ് ഇൻവോയിസ് ഫൈനൽ വർക്ക് ബില്ലിനൊപ്പം സമർപ്പിക്കേണ്ടതാണ്.**

11. ടെൻഡർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ബന്ധപ്പെട്ട മേലധികാരി നിർദ്ദേശിക്കുന്ന സമയക്രമത്തിനുള്ളിൽ ജോലി പൂർത്തികരിക്കേണ്ടതാണ്.

12. ടെൻഡർ ലഭിക്കുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് ഒരു കാരണവശാലും പണം മുൻകൂറായി അനുവദിക്കുന്നതല്ല.

13. യാതൊരു കാരണവും കാണിക്കാതെ തന്നെ ടെൻഡർ മാറ്റിവെക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.

14. സർക്കാർ ടെൻഡറിന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ടെൻഡറിന് ബാധകമാണ്.

15. അനുവദനീയമായ നിരക്കിലുള്ള ഇൻകംടാക്സ്, KSCCF എന്നിവ ഈടാക്കുന്നതാണ്.

16. ടെൻഡർ സമർപ്പിക്കുന്ന വ്യക്തിക്ക്/ സ്ഥാപനത്തിന് സ്വന്തമായി ബാങ്ക് അക്കൗണ്ടും, പാൻകാർഡും ഉണ്ടായിരിക്കേണ്ടതാണ്. GST രജിസ്ട്രേഷൻ ഉണ്ടെങ്കിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്.

Signed by
Jayan P R
Date: 27-12-2025 16:21:52

Dr. JAYAN P R.
DEAN OF FACULTY (AGRICULTURAL ENGINEERING)

പകർപ്പ് : കെ.എ.യു വെബ്സൈറ്റ്/ കെ.സി.എ.ഇ.എഫ്.ടി വെബ്സൈറ്റ്/ നോട്ടീസ് ബോർഡ്